LIBRARY ARCHIVES Kerala Legislative Assembly

ചേലക്കര മണ്ഡലത്തിൽ നാളികേര ബയോപാർക്ക് സ്ഥാപിക്കുവാൻ നടപടി

260 (1700) ശ്രീ. കെ. രാധാകൃഷ്ണൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷിയും മൃഗസംരക്ഷണവും അച്ചടിയും സ്റ്റേഷനറിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ചേലക്കര മണ്ഡലത്തിൽ നാളികേര ബയോപാർക്ക് സ്ഥാപിക്കുവാൻ നടപടികൾ സ്വീകരിച്ചിട്ടുണ്ടോ ;

(ബി) എങ്കിൽ പ്രസ്തുത പദ്ധതിയുടെ വിശദാംശങ്ങൾ ലഭ്യമാക്കാമോ;

(സി) നാളികേര ബയോപാർക്കിന്റെ പ്രവർത്തനം എപ്പോൾ ആരംഭിക്കുവാൻ കഴിയുമെന്ന് വ്യക്തമാക്കുമോ ?

ഉത്തരം

(എ-സി) ഉണ്ട്. തൃശ്ശൂർ ജില്ലയിലെ ചേലക്കര ജില്ലാ കൃഷിത്തോട്ടത്തിൽ നാളികേര ബയോപാർക്ക് സ്ഥാപിക്കുന്നതിനുള്ള സ്ഥലം കണ്ടെത്തുകയും 28-2-2014-ൽ ബയോപാർക്കിന്റെ ഓഫീസ്-കം-ഇൻഫർമേഷൻ സെന്ററിന്റെ ശിലാസ്ഥാപനം നടത്തുകയും ചെയ്തു. 23-7-2014-ൽ ചേർന്ന അഗ്രി ബയോപാർക്ക്സ് സൊസൈറ്റി ഗവേണിംഗ് കൗൺസിൽ തീരുമാനപ്രകാരം പദ്ധതിയുടെ ഡി.പി.ആർ. തയ്യാറാക്കുന്നതിന് കോഴിക്കോട് വടകരയിലുള്ള ഊരാളുങ്കൽ ലേബർ കോൺട്രാക്ട് കോ-ഓപ്പറേറ്റീവ് സൊസൈറ്റിയെ ചുമതലപ്പെടുത്തിയിട്ടുണ്ട്. നാളികേര അധിഷ്ഠിത വ്യവസായ സംരംഭകർക്ക് അടിസ്ഥാന സൗകര്യങ്ങൾ ഒരുക്കുകയും സാങ്കേതിക സഹായങ്ങൾ നൽകുകയും ചെയ്യുന്നതിനാണ് പദ്ധതി ലക്ഷ്യമിടുന്നത്.

സംസ്ഥാന കൃഷി വകുപ്പിന്റെ ഉടമസ്ഥതയിലുണ്ടായിരുന്ന ഭൂമി വിവിധ ആവശ്യങ്ങൾക്കായി വിട്ടു നൽകിയ നടപടി

261 (1701) ശ്രീ. മുല്ലക്കര രത്നാകരൻ : താഴെ കാണുന്ന ചോദ്യത്തിന് കൃഷിയും മൃഗസംരക്ഷണവും അച്ചടിയും സ്റ്റേഷനറിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

സംസ്ഥാന കൃഷിവകുപ്പിന്റെ ഉടമസ്ഥതയിലുണ്ടായിരുന്ന ഭൂമിയിൽ 2011 ജൂൺ മുതൽ 2014 നവംബർ വരെ എത്ര ഭൂമിയാണ് വിവിധ ആവശ്യങ്ങൾക്കായി വിട്ടു നൽകിയിട്ടുള്ളതെന്ന് വ്യക്തമാക്കാമോ ; ഇതിന്റെ വിശദാംശങ്ങൾ ലഭ്യമാക്കാമോ ?